(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചു;

(സി) ഈ വർഷംതന്നെ പണി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം.

(എ) ഉണ്ട്.

(ബി) ടാർക്രീറ്റ ചെയ്യുന്നതിനു് വേണ്ട നടപടികൾ എടുത്തുവരികയാണു്.

(സി) ഉണ്ട്.

കുമ്പഴപ്പാലത്തിന്റെ പണി.

303. [22] ശ്രീ. എൻ. ജി. ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട താലൂക്കിൽപ്പെട്ട കുമ്പഴപ്പാലത്തിന്റെ പണി ആരംഭിച്ചിട്ടുണ്ടോ;

(ബി) കൈപ്പട്ടൂർ പാലത്തിന്റെ പണി എന്നാരംഭിക്കും;

(സി) റാന്നി പാലത്തിന്റെ പണി എന്നാരംഭിക്കും?

ഉത്തരം.

(എ) ഇല്ല.

(ബി–സി) തിട്ടമായി പറയുവാൻ ഇപ്പോൾ നിവൃത്തിയില്ല.

റോഡു്.

304. [24] ശ്രീ. പി. ജെ. സെബാസ്റ്റ്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം താലൂക്കിൽ വി. ആർ. ഡി. സ്കീമിൽ ഉൾപ്പെടുത്തിയിട്ടുള്ള പാണാമുട്ടം-ചിങ്ങവനം റോഡിന്റെ പണി തീർക്കുന്നതിനു വേണ്ടിയുള്ള നടപടി എന്തെങ്കിലും കൈക്കൊണ്ടിട്ടുണ്ടോ;

(ബി) നടപടി എടുത്തിട്ടില്ലെങ്കിൽ അതിനുള്ള കാരണം എന്താണു്?

ഉത്തരം.

(എ) ഇല്ല.

(ബി) വർക്കു് കമ്മിറ്റിയുടെ അംഗീകാരം ഇല്ലാത്തതുകൊണ്ടു്.

റോഡുകളുടെ മെയിൻറനൻസു്.

305. [25] ശ്രീ. പി. ജെ. സെബാസ്റ്റ്യൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പനച്ചിയക്കാട്ടു്, വാഴപ്പള്ളി കിഴക്കു് നീലംപേരൂർ, മാടപ്പള്ളി, പായിപ്പാടം എന്നീ പഞ്ചായത്തുത്തികളിൽ പഞ്ചായത്തു ഡിപ്പാർട്ടുമെൻറിൽനിന്നും എത്ര മൈൽ റോഡു വെട്ടിയിട്ടുണ്ടു്?

LIBRARY ARCHIVES Kerala Legislative Assembly

(ബി) അങ്ങനെ വെട്ടിയിട്ടുള്ള റോഡുകളുടെ മെയിൻറനൻസ് നടത്തിയിട്ടുണ്ടോ?

ഉത്തരം.

(എ) ഈ പഞ്ചായത്തുകളിൽ പഞ്ചായത്തു ഡിപ്പാർട്ടുമെൻറിൽ നിന്നും റോഡുകൾ വെട്ടിയിട്ടില്ല.

(ബി) എ-യുടെ ഉത്തരത്തിൻറെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

പാലം പണി.

306. [26] ശ്രീ. വി. ശ്രീധരൻ: താഴെ കാണുന്ന ചോദ്യത്തിനു മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വേളീക്കായലിൽ, മുട്ടണ എന്ന സ്ഥലത്തു് പേട്ട-ഞനയറ റോഡും, കുളത്തൂർ-അരശുംമൂട് റോഡും തമ്മിൽ യോജിപ്പിക്കാൻ ഒരു പാലം പണിയണമെന്നാവശ്യപ്പെട്ടുകൊണ്ടു് നാട്ടുകാരുടെ വല്ല നിവേദനവും ഗവണ്മെൻറിനു് ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ, ഗവണ്മെൻറു് അതിന്മേൽ എന്തെങ്കിലും നടപടി ഇതിനകം സ്വീകരിച്ചിട്ടുണ്ടോ;

(സി) എത്ര നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടു്; എപ്പോഴെല്ലാം?

ഉത്തരം.

(എ) ഉണ്ടു്.

(ബി) ഉണ്ടു്. എസ്റ്റിമേറു് തയ്യാറാക്കിവരുന്നു.

(സി) ഒന്നു്. 7.5.1952-ൽ.

അഴർ പാലം പണി.

307. [27] ശ്രീ. വി. ശ്രീധരൻ: താഴെ കാണുന്ന ചോദ്യത്തിനു് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചിറയിൻകീഴ് താലൂക്കിൽ അഴർ പകുതിയിൽ മാടൻവിള—അഴർ എന്നീ സ്ഥലങ്ങൾ തമ്മിൽ ബന്ധിപ്പിക്കുന്നതിനു് അഴർ കടവിൽ ഒരു പാലം പണിയണമെന്നാവശ്യപ്പെട്ടുകൊണ്ടു് നാട്ടുകാരുടെ വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഗവണ്മെൻറു് അതിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) 1956-ൽത്തന്നെ ഈ പാലത്തിൻറെ പണി ആരംഭിക്കുവാൻ ഗവണ്മെൻറുദ്ദേശിക്കുന്നുണ്ടോ?

ഉത്തരം.

(എ) ഉണ്ടു്.

(ബി) പ്രാരംഭ നടപടികൾ എടുത്തുവരികയാണു്.

(സി) പാലത്തിൻറെ ഇരുവശങ്ങളിലുമുള്ള റോഡിൻറെ പണി തീർത്തശേഷം ഈ കാര്യം ആലോചിക്കുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly